## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3438 19.10.2016-ൽ മറുപടിയ്ക്ക്

### പാലക്കാട് ജില്ലയിലെ കുടിവെള്ളക്ഷാമം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.വി.വിജയദാസ് : | | മാത്യു. ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ പാലക്കാട് ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിയ്ക്കുമോ; | എ & ബി | പാലക്കാട് ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 2016-17 ബജറ്റിൽ സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് പ്ലാനിൽ (KIIFB) ഉൾപ്പെടുത്തി ആദ്യ ഘട്ടമായി 98.2 കോടി രൂപയുടെ പദ്ധതികൾ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇവയുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. ഈ പദ്ധതികൾ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്. കൂടാതെ 76.69 കോടി രൂപയുടെ മൂന്ന് പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇവയുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. ഇതു കൂടാതെ കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് വേണ്ട കരുതൽ നടപടികൾ സ്വീകരിക്കുന്നതാണ്. സാധാരണ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ സ്വീകരിക്കാറുള്ള താഴെപ്പറയുന്ന സംരക്ഷണ പ്രവർത്തനങ്ങൾ ഈ വർഷം മുൻകൂട്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>1. സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും കൂടുതൽ ജലലഭ്യത ഉറപ്പ് വരുത്തുവാൻ ഉദ്ദേശിക്കുന്നു.<br>2. ജലസേചന, വൈദ്യുത വകുപ്പുകളുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള ആവശ്യത്തിനായി വിവിധ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.<br>3. അടിക്കടി ലീക്കുമൂലം നഷ്ടം സംഭവിക്കുന്ന വിതരണ ലൈനുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി ഇക്കാര്യത്തിൽ എന്തെല്ലാം പദ്ധതികൾ സ്വീകരിയ്ക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ ; | | |

4. ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ജലം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

5. വാട്ടർ അതോറിറ്റി കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

6. ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ച് റവന്യൂ, തദ്ദേശ സ്വയംഭരണ വകുപ്പുകൾ വഴി ടാങ്കറുകൾ മുഖേന പരമാവധി ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

7. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകൾ അറ്റകുറ്റ പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ അഡീഷണൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ച് വരുന്നു.

8. ആവശ്യമാകുന്ന പക്ഷം വാൽവുകൾ നിയന്ത്രിച്ച് കരുതൽ നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്

| | |
|---|---|
| സി ജപ്പാൻ കുടിവെള്ള പദ്ധതി മാതൃകയിൽ ബൃഹത്തായ ഒരു പദ്ധതിയ്ക്ക് രൂപം നൽകുമോ? | സി ഇപ്പോൾ പരിഗണനയിലില്ല. |

Renuka Sankar

സെക്ഷൻ ഓഫീസർ

അനുബന്ധം - I

SCHEMES UNDER KIIFB IN PALAKKAD DIST.

| SL No. | Scheme | Amt.in crore |
|---|---|---|
| 1 | WSS to Kozhinjampara Panchayath | 6.20 |
| 2 | Augmentation of Nenmara, Ayilur & Melarcode Water Scheme in Chittur & Alathur Taluks in Palakkad District (Phase II) | 25.00 |
| 3 | Augmentation of Urban Water Supply to Shoranur Municipality and Vaniyamkulam Panchayath | 35.00 |
| 4 | WSS to Ambalappara Panchayath in Ottapalam Taluk, Palakkad District - Phase I | 10.00 |
| 5 | Comprehensive WSS to Thachanattukara, Alanallur and Kottopadam panchayaths in Mannarkkad taluk in Palakkad District. | 22.00 |
| Total | | 98.20 |

Renuka Sankary
സെക്ഷൻ ഓഫീസർ

അനുബന്ധം. 2

DERs received from Chief Engineer(NR) pertaining to Palakkad district

| Sl | Name of work | Amount(Rs in lakhs) |
|---|---|---|
| 1 | C.W.S.S. to Mathur ,Pirayiri and Kottayi Grama pyth.in Palakkad District. | 3510.00 |
| 2 | CWSS to Tharur, Kavassery and Pudukode Panchayaths in Alathur taluk in Palakkad district | 3900.00 |
| 3 | Improvements of WSS to Kumaramputhur and Payyanadam villages in Manarkkad constituency | 259.00 |
| | **Total** | **7669.00** |

Renuka Sankar
സെക്ഷൻ ഓഫീസർ